കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട നഗരസഭ - ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ദിവസവേതനാടിസ്ഥാനത്തിൽ 10(പത്ത്) അധിക ശുചീകരണ തൊഴിലാളികളെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2839/2014/തസ്വഭവ.  തീയതി, തിരുവനന്തപുരം, 01/11/2014

പരാമർശം :-
1. പത്തനംതിട്ട നഗരസഭാ കൗൺസിലിന്റെ 18/10/2014 ലെ 3ാം നമ്പർ തീരുമാനം.
2. പത്തനംതിട്ട മുനിസിപ്പൽചെയർമാന്റെ 23/10/2014 ലെ കത്ത്

ഉത്തരവ്

പരാമർശം (1) ലെ പത്തനംതിട്ട നഗരസഭാ കൗൺസിൽ തീരുമാനവും പരാമർശം (2) ലെ നഗരസഭാ ചെയർമാന്റെ കത്തും പരിഗണിച്ച് ശബരിമല തീർത്ഥാടന കാലയളവിൽ പത്തനംതിട്ട നഗരസഭാ പരിധിയിലെ മാലിന്യനിർമ്മാർജ്ജനത്തിനായി നവംബർ 15 മുതൽ ജനുവരി 15 വരെ ദിവസവേതനാടിസ്ഥാനത്തിൽ 10 (പത്ത്) ശുചീകരണ തൊഴിലാളികളെ അധികമായി നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്ക് ആവശ്യമായ ചെലവ് പത്തനംതിട്ട നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്.വേണുഗോപാലൻ നായർ,

ഡെപ്യൂട്ടി സെക്രട്ടറി.

ചെയർമാൻ, പത്തനംതിട്ട നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി, പത്തനംതിട്ട നഗരസഭ,

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.